# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **7043** — **11/07/2014** ൽ മറുപടിക്ക്

### ആർ.എം. എസ് ‍. എ. പദ്ധതി പ്രകാരമുള്ള ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ആർ.എം.എസ്.എ പദ്ധതി പ്രകാരം ഇതുവരെ എത്ര ഹൈസ്ക്കൂളുകളാണ് അനുവദിച്ചിട്ടുള്ളത്: ഇവയുടെ പേര് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) | 2009-10 വർഷം 60 സ്കൂളുകൾ, 2010-11 വർഷം 36 സ്കൂളുകൾ, 2011-12 വർഷം 16 സ്കൂളുകളാണ് ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ഹൈസ്കൂളുകളായി ഉയർത്തിയത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | ആർ.എം.എസ്.എ പദ്ധതി പ്രകാരം യു.പി സ്കൂൾ ഹൈസ്ക്കൂൾ ആക്കിയതുമൂലം പല സർക്കാർ സ്കൂളുകളും സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപ വീതമാണ് ഓരോ സ്കൂളിനും ആദ്യ ഘട്ടമായി അനുവദിക്കാൻ തീരുമാനിച്ചത്. എത്ര സ്കൂളുകൾക്ക് നൽകി. ബാക്കിയുള്ള സ്കൂളുകൾക്ക് നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ട്; | സി) | ഈ സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് സ്കൂൾ ഒന്നിന് 58.12 ലക്ഷം രൂപയാണ് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (എം.എസ്) നം 238/2010 തീയതി, 16/11/2010 മുഖേന അപ്ഗ്രേഡ് ചെയ്ത 4 ജില്ലകളിലെ 60 സ്കൂളുകൾക്കുള്ള കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് ഇതിനകം ആർ.എം.എസ്.എ വഴി നൽകിയിട്ടുണ്ട്. 57 സ്കൂളുകൾക്ക് 40 ലക്ഷം രൂപാ വീതവും 3 സ്കൂളുകൾക്ക് 20 ലക്ഷം രൂപാ വീതവും |

ആണ് നൽകിയിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ട് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് / മുനിസിപ്പാലിറ്റികൾക്കുമാണ് നൽകിയിട്ടുള്ളത്. കേന്ദ്ര ഫണ്ട് ലഭ്യമാകാത്തതു കൊണ്ടാണ് ബാക്കി സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് നൽകാൻ കഴിയാത്തത്.

| | | | |
|---|---|---|---|
| ഡി) | ഹൈസ്ക്കൂളുകൾ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലാണെങ്കിലും പല സ്കൂളുകളിലും പ്രസ്തുത സ്കീമനുസരിച്ച് കെട്ടിടം നിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ഡി) | ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. |
| ഇ) | പ്രസ്തുത സ്കൂളുകളിൽ കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്താക്കെ നടപടികളാണ് സ്വീകരിക്കുന്നത്? | ഇ) | അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ 10 ക്ലാസ്സ് മുറികൾ അടങ്ങുന്ന കെട്ടിടം നിർമ്മിക്കുന്നതിന് 58.12 ലക്ഷം രൂപയാണ് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ക്ലാസ്സ് മുറികളുടെ എണ്ണം 10 ൽ നിന്നും 6 ആയി കുറയ്ക്കുകയും നിർമ്മാണത്തിന് അധികമായി വരുന്ന തുക ജില്ലാ പഞ്ചായത്ത് / മുനിസിപ്പാലിറ്റികൾ ക ണ്ടെത്തേണ്ട താണെ ന്നും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**